# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആവഡ-.ജീവനക്കാര്യം- ട്രീറ്റ്മെൻറ് ഓർഗനൈസർ ഗ്രേഡ് - I തസ്തികയിലെ പൊതുസ്ഥലം മാറ്റം 2026- അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്

പരാമർശം:- 1. ശ്രീ. രഞ്ജിത് കുമാർ ആർ.ജെ, ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I ബഹു: കേരള അഡ്മിനിസ്റ്റ്റേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1173/2026

2. കത്ത് നം. B (TVM)3- OA 1173/2026/2026088717 dated 08/07/2026
3. Order No: DHS/10310/2026-EF4 dated 25/06/2026

## ഉത്തരവ് നം: DHS/10310/2026-EF4 തീയതി: 23-07-2026

2026- ലെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് പട്ടികയിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I ശ്രീ. രഞ്ജിത് കുമാർ ആർ.ജെ യുടെ പേര് ഉൾപ്പെട്ടിരുന്നില്ല. തുടർന്ന് പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ച അപ്പീലുകൾ പരിശോധിക്കുന്നതിനായി ചേർന്ന അപ്പീൽ കമ്മിറ്റി നടത്തിയ പരിശോധനയിൽ ശ്രീമതി ദീപ റ്റി. എസ് സമർപ്പിച്ച അപ്പീൽ പരിശോധിച്ചപ്പോൾ സീനിയോരിറ്റി പ്രകാരം ശ്രീമതി ദീപ റ്റി. എസ് 2 പേർക്ക് താഴെയാണെന്നും ആയതിൽ ശ്രീ.ഹരിപ്രസാദ് റ്റി. എന്നയാൾ 50 % disability ഉള്ള ആളാണെന്നും ടിയാളെ ജില്ലയ്ക്ക് അകത്തുള്ള ട്രാൻസ്ഫറിനേ പരിഗണിക്കാൻ സാധിക്കുകയുള്ളുയെന്നും ശ്രീമതി ദീപ റ്റി. എസ് സൂചിപ്പിച്ച അടുത്ത വ്യക്തിയായ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ യും ടിയാളും ഒരേ ദിവസം സർവീസിൽ കയറിയവരാണ് എന്നും cadre പരിശോധിക്കുമ്പോൾ മനസിലാക്കുവാൻ സാധിച്ചു. എന്നാൽ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കുമ്പോൾ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ, ശ്രീമതി ദീപ റ്റി. എസ്-

നെക്കാൾ സീനിയറാണെന്ന് ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം പൊതുസ്ഥലം മാറ്റത്തിന്റെ പട്ടികയിൽ ആവശ്യമായ ഭേദഗതി വരുത്തുകയും ശ്രീ. രഞ്ജിത് കുമാർ ആർ.ജെ യെ 2026-ലെ പൊതുസ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിലേക്ക് സ്ഥലം മാറ്റം നല്കുകയും ചെയ്തു.

തുടർന്ന് മേൽ പരാമർശം 2 പ്രകാരം ബഹു: കേരള അഡ്മിനിസ്റ്റ്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ സമർപ്പിച്ച അപ്പീൽ (Annexure A7) പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ടിയാളുടെ സ്ഥലം മാറ്റം മാനദണ്ഡപ്രകാരമുള്ള സീനിയോരിറ്റിക്ക് അനുസൃതമായാണ് നല്കിയിരിക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ ക്ക് പരാമർശം 3 പ്രകാരം അനുവദിച്ച കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ജോലിയിൽ പ്രവേശിച്ചതിന് ശേഷം ടിയാൾക്ക് സ്ഥലമാറ്റ അപേക്ഷ സമർപ്പിക്കാവുന്നതും ആയതു മാനദണ്ഡ പ്രകാരം പരിഗണിക്കുന്നതുമായിരിക്കും.

മേൽ പ്രസ്താവിച്ച പ്രകാരം കോടതി വിധി അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by Meenakshy V
Date: 23-07-2026 16:23:18

**Dr MEENAKSHY V**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

1. ശ്രീ. രഞ്ജിത് കുമാർ ആർ.ജെ, ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I

പകർപ്പ്:-

1. The Advocate General, Kerala, Thiruvananthapuram, (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട ജില്ല മെഡിക്കൽ ഓഫീസർമാർ
3. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
4. ഫയൽ/കരുതൽ ഫയൽ